# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2090** **11.02.2020-ൽ മറുപടിക്ക്**

## കൊറോണ വൈറസിനെതിരെയുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ

**ചോദ്യം**

**ശ്രീ.പി.ഉബൈദുള്ള**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

**എ)** സംസ്ഥാനത്ത് കൊറോണ വൈറസ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് നൽകുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

**എ)** കൊറോണ വൈറസ് ബാധ തടയുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച ജാഗ്രതാ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ചൈനയുൾപ്പെടെ കൊറോണ ബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയവർ രോഗ-ലക്ഷണങ്ങൾ ഇല്ലെങ്കിലും അവരവരുടെ വീട്ടുകളിൽ 28 ദിവസം മറ്റുള്ളവരുമായി സമ്പർക്കത്തിൽപ്പെടാതെ വ്യക്തി ശുചിത്വത്തോടെ കഴിയേണ്ടതാണ്.
- തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും, മൂക്കും വായും തൂവാല കൊണ്ട് മറയ്ക്കേണ്ടതാണ്.
- കൈകൾ പല പ്രാവശ്യം വൃത്തിയായി കഴുകുക, വസ്ത്രങ്ങൾ , പാത്രങ്ങൾ മുതലായവ ബ്ലീച്ചിംഗ് ലായനിയിൽ കഴുകുക.
- രോഗലക്ഷണങ്ങൾ ഉണ്ടായാൽ പൊതുവാഹനങ്ങളിൽ കയറാതെ ഐസൊലേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ആശുപത്രികളിലെ നോഡൽ ഓഫീസർമാരുമായി ബന്ധപ്പെട്ട് ചികിത്സ തേടുക.
- രോഗം സ്ഥിരീകരിച്ച വ്യക്തികളുമായി സമ്പർക്കം ഉണ്ടായ വ്യക്തികളും ഇതേ ജാഗ്രത കാണിക്കേണ്ടതാണ്.

**ബി)** മെഡിക്കൽ കോളേജുകളിൽ പ്രത്യേക ഐസലേഷൻ വാർഡുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

**ബി)** സർക്കാർ മെഡിക്കൽ കോളേജുകളിൽ ഐസലേഷൻ വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്.

| | |
|---|---|
| **സി)** പൊതുജനങ്ങളുടെ ആശങ്കയകറ്റുവാനും ശക്തമായ ബോധവൽക്കരണം നടത്തുവാനും ആരോഗ്യ വകുപ്പ് സമയബന്ധിതമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ ? | **സി)** കൊറോണ വൈറസ് ബാധയെപ്പറ്റി ഭീതി വേണ്ട, ജാഗ്രതയും, മുൻകരുതലുമാണ് വേണ്ടത് എന്ന സന്ദേശം നവമാധ്യമങ്ങൾ വഴിയും, വിവിധ പത്ര-ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയം ദൂരീകരിക്കുന്നതിനായി "ദിശ" ഉൾപ്പെടെ സംസ്ഥാന - ജില്ലാതലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററുകൾ സജ്ജീകരിച്ചു.<br><br>രോഗലക്ഷണങ്ങൾ ഉള്ളവരും ഇല്ലാത്തവരും പാലിക്കേണ്ട ശുചിത്വം, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ വെബ് സൈറ്റിലൂടെയും പ്രാഥമികാരോഗ്യ-കേന്ദ്രങ്ങൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയും ആവശ്യമായ ബോധവത്കരണ സന്ദേശങ്ങൾ നൽകി വരുന്നു. തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും യഥാർത്ഥ വസ്തുതകൾ ജനങ്ങളിലെത്തിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.<br><br>സംസ്ഥാന തല കൺട്രോൾ സെല്ലിന്റെ നേതൃത്വത്തിൽ പരിശീലനത്തിന്റെയും പൊതുജന ബോധവൽക്കരണത്തിന്റെയും പ്രവർത്തനങ്ങൾ ചിട്ടയായ രീതിയിൽ ദിനം പ്രതി നടന്നു വരുന്നു. കൊറോണ വൈറസ് കൺട്രോൾ സെൽ രൂപീകരിച്ചതിനു ശേഷം 10/02/2020 വരെയുള്ള ദിവസങ്ങളിൽ Kerala health online training എന്ന യൂട്യൂബ് ചാനലിൽ 29 IEC/പരിശീലന വീഡിയോകളാണ് പൊതുജനങ്ങൾക്കും പ്രവർത്തകർക്കുമായി അപ്‌ലോഡ് ചെയ്യപ്പെട്ടിട്ടുള്ളത്. ഇവയിൽ<br>• പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ<br>• Home Isolation – ന്റെ പ്രാധാന്യം<br>• വീടുകളിൽ കഴിയുന്നവർക്കുള്ള റിലാക്സേഷൻ<br>• മുൻകരുതലുകൾ<br>• സ്കൂൾ കുട്ടികൾക്കായുള്ള ബോധവത്കരണ വീഡിയോ<br>• ടൂറിസം വകുപ്പിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ<br>• രോഗലക്ഷണങ്ങൾ<br>• മാസ്ക് ഉപയോഗിക്കേണ്ട വിധം |

→

- Do's & Dont's
- ആരോഗ്യപ്രവർത്തകർക്കായുള്ള മറ്റ് പരിശീലന സഹായികൾ
- PPE (Persoanal Protection Equipments) ധരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ
- ഇൻഫെക്ഷൻ കൺട്രോൾ

എന്നിങ്ങനെ എല്ലാ പ്രധാനപ്പെട്ട മേഖലകളിലും ചെറു വീഡിയോകൾ ലഭ്യമാണ്.

ആരോഗ്യജാഗ്രത, ആരോഗ്യകേരളം, കേരള ഹെൽത്ത് സർവ്വീസസ്, ആർദ്രം ജനകീയ കാമ്പയിൻ എന്നീ ഫേസ് ബുക്ക് പേജുകൾ വഴി ദിവസേന ആരോഗ്യ ബോധവൽക്കരണ സഹായികൾ (ഇൻഫോഗ്രാഫിക്സ്, പോസ്റ്ററുകൾ, ലഘുലേഖകൾ) എന്നിവ പൊതുജനങ്ങൾക്കായി അപ്‌ലോഡ് ചെയ്യുന്നു. ഇവ ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ ഫേസ്ബുക്ക് പേജിലും ലഭ്യമായിരുന്നു. കൂടാതെ ആരോഗ്യ-വകുപ്പിന്റെ വെബ്സൈറ്റിൽ ഇത്തരം ബോധവത്കരണ സഹായികളുടെയെല്ലാം ലിങ്കുകളും ലഭ്യമാണ്. കൺട്രോൾ റൂമിൽ നിന്ന് ഇവയെല്ലാം എല്ലാ ജില്ലകൾക്കും അതത് ദിവസം തന്നെ അയച്ചുകൊടുത്തിരുന്നു. ഇവയ്ക്ക് പുറമെ ജില്ലകളിലെ മാസ്സ് വീഡിയോ വിഭാഗവും വ്യത്യസ്തമായ ബോധവൽക്കരണ സഹായികൾ നിർമ്മിച്ച് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി നൽകി. ബഹു.മുഖ്യമന്ത്രിയുടെ സന്ദേശവും ബഹു.ആരോഗ്യമന്ത്രിയുടെ സന്ദേശവും ഹോം ഐസൊലേഷനിൽ കഴിയുന്നവർക്ക് നേരിട്ടെത്തിക്കാനുള്ള സംവിധാനവും ഇ-ഹെൽത്ത് വഴി നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**